श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

**അക്കാദമിക് എ വിഭാഗം**

00171 / ACDA3 / SSUS / 2024 (1) തീയതി,കാലടി,07-02-2024

പരിപത്രം

വിഷയം:- 01.12.2015ന മുൻപ് രജിസ്റ്റർ ചെയ്ത ഗവേഷകവിദ്യാർഥികൾക്ക് പ്രബന്ധം സമർപ്പിക്കുന്നതിന് വേണ്ടി അദാലത്തു നടത്തുന്നത് സംബന്ധിച്ച്

സൂചന:- 1. 19.12.2023 തീയതിയിലെ 213മത് സിന്റിക്കേറ്റ് യോഗനടപടിച്ചുരുക്കത്തിലെ അഡിഷണൽ അജണ്ട ഇനം നമ്പർ 7.

2. 19.08.2023 തീയതയിലെ സർവകലാശാല ഉത്തരവ് എസിഡി.എ1/930/എസ്.എസ്.യു.എസ്./2014

മേൽ സൂചന സിന്റിക്കേറ്റ് തീരുമാനപ്രകാരം, 01.12.2015ന മുൻപ് രജിസ്റ്റർ ചെയ്ത 2015 റഗുലേഷൻ ബാധകമല്ലാത്ത നാളിതു വരെ പ്രബന്ധം സമർപ്പിക്കാത്തതുമായ ഗവേഷകരുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിനോ അല്ലെങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പ്രബന്ധം സമർപ്പിക്കുന്നതിനോ വേണ്ടി 04.03.2024 (തിങ്കളാഴ്ച) തീയതിയിൽ സർവകലാശാല കാലടി മുഖ്യ കേന്ദ്രത്തിൽ വച്ച് അദാലത്തു നടത്തുന്നതിന തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ, 01.12.2015ന മുൻപ് രജിസ്റ്റർ ചെയ്ത 2015 റെഗുലേഷൻ ബാധകമല്ലാത്ത നാളിതു വരെ പ്രബന്ധം സമർപ്പിക്കാത്തതുമായ ഗവേഷകർ നിർബന്ധമായും അദാലത്തിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതും, അതിൽ പങ്കെടുക്കേണ്ടതുമാണ്. അദാലത്തിൽ അപേക്ഷ സമർപ്പിക്കുന്ന ഗവേഷകർ താഴെ ചേർത്തിരിക്കുന്ന ഗൂഗിൾ ഫോം ലിങ്ക് പൂരിപ്പിച്ച 18.02.2024 തീയതിക്ക് മുന്പായി രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. 01.12.2014 മുതൽ 30.11.2015 വരെ രജിസ്ട്രേഷൻ നേടിയ (2014 അഡ്മിഷൻ, 2012 റഗുലേഷൻ അവസാന ബാച്ച്) ഗവേഷകർക്ക് സ്വാഭാവിക കലാവധിക്കു ഉപരിയായി ഒരു വർഷം കാലയളവ് മേൽ സൂചന (2) പ്രകാരം അനുവദിച്ച സാഹചര്യത്തിൽ 2015 നവംബർ മാസം വരെ രജിസ്ട്രേഷൻ ഉള്ള ഫുൾ ടൈം ഗവേഷകർക്ക് സ്വാഭാവിക കലാവധിക്കു ഉപരിയായി 2024 നവംബർ വരെയും പാർട്ട് ടൈം ഗവേഷകർക്ക് 2026 നവംബർ വരെയും കാലയളവ് ദീർഘിപ്പിച്ച ഉത്തരവായതിനാൽ ടി വിഭാഗത്തിൽ പെട്ട ഗവേഷകർ അദാലത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതില്ല. **30.11.2014 വരെ രജിസ്ട്രേഷൻ നേടിയ, അദാലത്തിൽ അപേക്ഷ സമർപ്പിക്കാത്ത എല്ലാ ഗവേഷകരുടെയും രജിസ്ട്രേഷൻ ഇനിയൊരു അറിയിപ്പില്ലാതെ റദ്ദ് ആയി പോകുന്നതാണെന്നറിയിക്കുന്നു.**

ഈ പരിപത്രം മേൽ സൂചിപ്പിച്ച വിഭാഗത്തിൽ പെടുന്ന ഗവേഷകരുടെ അറിവിൽ കൊണ്ടു വരുന്നതിന് മാർഗ്ഗദർശികളും വകുപ്പ് മേധാവിമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും താൽപര്യപ്പെടുന്നു.

ഗൂഗിൾ ഫോം ലിങ്ക്: https://forms.gle/sMfzEWjuMWgpkdbD7

**രജിസ്ട്രാർ**

പകർപ്പ് :

1. എല്ലാ വകുപ്പ് മേധാവിമാർക്കും /പ്രാദേശിക കേന്ദ്രം ഡയറക്ടർമാർ /കോ ഓർഡിനേറ്റർമാർ (എല്ലാ ഗവേഷകരെയും അടിയന്തരമായി അറിയിക്കുന്നതിനും പഠനവകുപ്പിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും)

2 .പി എസ് ടു വി സി /പി വി സി /രജിസ്ട്രാർ

3 .ഡി എസ് എസ് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശത്തോടെ)

4 .എ ആർ (അക്കാഡമിക് )/ ഡി ആർ (അക്കാഡമിക്)

5 . കരുതൽ ഫയൽ /നടപ്പു ഫയൽ

Signature Valid
Digitally signed by
Unnikrishnan P
Date: 2024-02-08 15.10.58
+0530